## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3716 — 25.06.2013-ൽ മറുപടിക്ക്

### <u>അഗ്രിൻകൊ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച നിക്ഷേപങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പമന്ത്രി) |
| (എ) സഹകരണ മേഖലയിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച അഗ്രിൻകൊ എന്ന സ്ഥാപനം വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച നിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞിട്ടും മടക്കിനൽകിയില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംഘങ്ങൾ അവരുടെ നിക്ഷേപത്തുക മടക്കി നൽകാൻ ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശത്തുക കൂടി നിക്ഷേപത്തുകയോട് ചേർത്ത് പുതിയ നിക്ഷേപമായി കണക്കിൽ തിരിമറിനടത്തി വരികയാണെന്നത് അറിയാൻ സാധിച്ചിട്ടുണ്ടോ ; | (ബി) ഇല്ല. |

(സി) സംഘത്തിന്റെ സഹോദരസംരംഭമായി കമ്പനീസ് ആക്ട് പ്രകാരം അഞ്ച് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ, ആയത് ഏതൊക്കെ;

(സി) ഉണ്ട്

1. അഗ്രിൻകോ - വിദേശ് പ്രൈവറ്റ് ലിമിറ്റഡ്
2. അഗ്രിൻകോ - ഹാഷ്കോ പ്രൈവറ്റ് ലിമിറ്റഡ്
   (ഇപ്പോഴത്തെ പേര് അഗ്രിൻകോ ഫ്രൂട്ട് പ്രോഡക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്)
3. അഗ്രിൻ കെയർ ലാടെക്സ് പ്രൈവറ്റ് ലിമിറ്റഡ്
4. അഗ്രിൻകോ - റബ്ബർ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ്
5. അഗ്രിൻകോ - ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ്

(ഡി) സംഘം എന്ത് തുക വീതം മേൽപ്പറഞ്ഞ കമ്പനികൾക്ക് നൽകിയിട്ടുണ്ട് ; എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ തുക നൽകിയത്; വ്യക്തമാക്കാമോ ?

(ഡി) ഓരോ കമ്പനിക്കും നൽകിയിട്ടുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. അഗ്രിൻകോ - വിദേശ് പ്രൈവറ്റ് ലിമിറ്റഡ് | : | 402.39 ലക്ഷം |
| 2. അഗ്രിൻകോ - ഹാഷ്കോ പ്രൈവറ്റ് ലിമിറ്റഡ് | : | 1354.05 ലക്ഷം |
| 3. അഗ്രിൻ കെയർ ലാടെക്സ് പ്രൈവറ്റ് ലിമിറ്റഡ് | : | 1401.56 ലക്ഷം |
| 4. അഗ്രിൻകോ - റബ്ബർ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് | : | 284.76 ലക്ഷം |
| 5. അഗ്രിൻകോ - ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് | : | 31.97 ലക്ഷം |

സംഘം നിയമാവലി പ്രകാരം രൂപീകൃതമായിട്ടുള്ള കമ്പനികളിൽ ഓഹരിയിനത്തിൽ നൽകിയിട്ടുള്ളതാണ് ഈ തുക.

സെക്ഷൻ ഓഫീസർ